**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 512** **05-10-2021 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി പെൻഷൻ പെയ്മെന്റ് ട്രഷറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി പെൻഷൻ പെയ്മെന്റ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | തലശ്ശേരി ഡി.വൈ.എസ്.പി ഓഫീസിന് എതിർ വശത്തുള്ളതും മുൻപ് ചീരാളികണ്ടി സ്കൂൾ കെട്ടിടം പ്രവർത്തിച്ചിരുന്നതുമായ 10.7 സെന്റ് സ്ഥലം തലശ്ശേരി പെൻഷൻ പേയ്മെന്റ് സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി വിട്ടു നൽകുവാൻ തലശ്ശേരി നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസ്തുത ഭൂമി റവന്യൂ വകുപ്പിലേക്ക് വിട്ടൊഴിഞ്ഞാൽ മാത്രമേ സേവന വകുപ്പായ ട്രഷറി വകുപ്പിന് കൈമാറുന്നതിന് സാധിക്കുകയുള്ളൂ. ഇത് സംബന്ധിച്ച ഉത്തരവ് ഇതുവരെ ലഭിച്ചിട്ടില്ല. പ്രസ്തുത ഫയൽ നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ് . |
| (ബി) | തലശ്ശേരി പെൻഷൻ പെയ്മെന്റ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്ന് അറിയിക്കാമോ; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഉത്തരവുണ്ടായി ജില്ലാ കളക്ടർ ഭൂമി അനുവദിക്കുന്ന മുറയ്ക്ക് അക്രെഡിറ്റഡ് ഏജൻസി മുഖേനെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ സ്വീകരിക്കുന്നതുമാണ് . |

സെക്ഷൻ ഓഫീസർ